# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:* 45 10.06.2014 ൽ മറുപടിക്ക്

## റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി:<br>, , പി.കെ.ഗുരുദാസൻ:<br>' ' ബി. സത്യൻ:<br>' ' സി. കൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന തലസ്ഥാന വികസനം ലക്ഷ്യമിട്ട് മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖാപിച്ച പദ്ധതികളുടെ ഇപ്പോഴ ത്തെ അവസ്ഥയെന്താണെന്ന് വിലയി രുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രഖ്യാപിത പദ്ധതികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ ; | (എ) | ഉണ്ട്. മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖാപിച്ച മുഖ്യ റയിൽവേ പദ്ധതികളുടെ വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | റെയിൽവേ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഏക ആശ്രയമായ തിരുവനന്തപുരം പേട്ട റെയിൽവേ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തുമെന്ന പ്രഖ്യാപനം നട ത്തിയത് എപ്പോഴാണ്; ഇതിന്റെ | (ബി) | 2009-10 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ PPP മാതൃകയിൽ തിരുവനന്തപുരത്ത് റയിൽവേ മെഡിക്കൽ കോളേജ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പേട്ട റെയിൽവേ ആശുപത്രി മെഡി ക്കൽ കോളേജായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. പ്രഖ്യാപിച്ച റയിൽവേ മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് ആവശ്യമായ 25 |

| | | | |
|---|---|---|---|
| | ഇപ്പോഴത്തെ അവസ്ഥയെന്താണ് ; | | ഏക്കർ സ്ഥലം നൽകാമെന്ന് സംസ്ഥാന സർക്കാർ റയിൽവേ അറിയിച്ചിട്ടുണ്ട്. റയിൽവേയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ഈ പദ്ധതി 2014-15 ൽ തന്നെ നടപ്പിലാക്കാൻ സംസ്ഥാനത്തിന്റെ എല്ലാ റയിൽവേ ആവശ്യങ്ങളും ചേർത്ത് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ ഡി.ഒ കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ബാലരാമപുരം - വിഴിഞ്ഞം തുറമുഖ പാതയ്ക്ക് സർവ്വേ നടത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | 2012-13 ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പുതയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 114 റെയിൽ പാതകളുടെ സർവ്വേ ആരംഭിക്കുന്നതിനായി നടപടികൾ എടുക്കുമെന്ന് കേന്ദ്ര റയിൽവേ മന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൽ 45-ാം മത്തെ ഇനമായി ബാലരാമപുരം സ്റ്റേഷനിൽ നിന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശം വരെയുള്ള പാതയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അതിനുമുമ്പേ തന്നെ 2011 ഫെബ്രുവരി മാസത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി (VISL) റയിൽ വികാസ് നിഗം ലിമിറ്റഡിനെ (RVNL), ബാലരാമപുരം സ്റ്റേഷനിൽ നിന്നും ആരംഭിച്ച് വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തേക്കുള്ള റെയിൽ പാതയുടെ സർവ്വേക്കും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും തുടർന്ന് കേന്ദ്ര റയിൽ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കി പാതനിർമ്മാണം സാധ്യമാക്കുന്നതിനും ചുമതലപ്പെടുത്തിയിരുന്നു. ഇതേ തുടർന്ന് (RVNL) സർവ്വെ നടത്തുകയും പദ്ധതി പ്രദേശത്തേക്കുള്ള പാതയുടെ വിവിധ രൂപ രേഖകളും താഴെ പറയുന്ന നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br>1. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ആരംഭിച്ച് |

| | | | |
|---|---|---|---|
| | | | നെയ്യാറ്റിൻകര ബന്ധിപ്പിക്കുന്ന പാത<br>2. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ആരംഭിച്ച് നേമം സ്റ്റേഷൻ ബന്ധിപ്പിക്കുന്ന പാത.<br>3. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ആരംഭിച്ച് 'Y' കണക്ഷനോട് കൂടി ബാലരാമപുരം ഭാഗത്തേക്കും നേമത്തേക്കും ബന്ധിപ്പിക്കുന്ന പാത.<br>ഈ മൂന്ന് പാതകളുടെ നിർദ്ദേശങ്ങളും റയിൽ മന്ത്രാലയവുമായി ആലോചിച്ച് അവയിൽ അവർ അംഗീകരിക്കുന്ന പാത നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പദ്ധതി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | **റയിൽ കോച്ച് ഫാക്ടറി** | ഫാക്ടറി JV/ PPP രീതിയിൽ സ്ഥല വില കൂട്ടാതെ 550 കോടി രൂപ ചെലവിൽ നിർമ്മിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഭൂമി സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്ര സർക്കാർ തീരുമാനിച്ചതിനുശേഷം മാത്രമേ പദ്ധതി നിർമ്മാണം ആരംഭിക്കാനാവൂ.<br>ഫാക്ടറി നിർമ്മാണത്തിൽ പങ്കാളിയാക്കാൻ SAIL താല്പര്യ പത്രം നല്കിയെങ്കിലും റയിൽവേ സ്വകാര്യ സംരംഭകനെ തിരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. ഫാക്ടറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനായി കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നത തലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2014-15- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്കും, കേന്ദ്ര റയിൽവേ മന്ത്രിക്കും നല്കിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഈ പദ്ധതിയോടൊപ്പം പ്രഖ്യാപിച്ച റായ് ബറേലിയിലെ ഫ്കാടറി പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ പദ്ധതിസാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ 30.05.2014 ലെ ഡി.ഒ കത്ത് മുഖേന ബഹു ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു കേന്ദ്ര റയിൽവേ മന്ത്രിക്കും സമർപ്പിച്ച കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| 2 | **വാഗൺ ഫാക്ടറി ചേർത്തല** | ഈ പദ്ധതിക്കായി റെയിൽവേ ആവശ്യപ്പെട്ട അത്രയും ഭൂമി സൗജന്യമായി റെയിൽവേക്ക് നല്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ഇക്കാര്യം റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്നതു സംബന്ധിച്ചും ഇതിനായി റെയിൽവേയക്ക് 30 വർഷത്തേക്ക് പാട്ടക്കരാർ അടിസ്ഥാനത്തിൽ ഭൂമി നൽകുന്നതിന് റെയിൽവേ നിർദ്ദേശം സമർപ്പിച്ചിരുന്നു. അതു സംബന്ധിച്ച ധാരണ പത്രം ഒപ്പുവെയ്ക്കുന്നതിനും റെയിൽവേ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ തീരുമാനത്തിനുമായുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | **പെനിൻസുലാർ റയിൽവേ സോൺ** | 19.09.2011 ലെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളും കൊങ്കൺ റയിൽവേയും ചേർത്ത് പെനിൻസുലാർ റയിൽവേ സോൺ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവസാനമായി കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2014-15- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്കും, കേന്ദ്ര റയിൽവേ മന്ത്രിക്കും നല്കിയ നിവേദനത്തിൽ |

| | | |
|---|---|---|
| | | ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഈ പദ്ധതിയോടൊപ്പം പ്രഖ്യാപിച്ച റായ് ബറേലിയിലെ ഫ്കാടറി പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ പദ്ധതിസാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ 30.05.2014 ലെ ഡി.ഒ കത്ത് മുഖേന ബഹു ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു കേന്ദ്ര റയിൽവേ മന്ത്രിക്കും സമർപ്പിച്ച കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| 4 | **റയിൽവേ മെഡിക്കൽ കോളേജ്** | റയിൽവേ മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് ആവശ്യമായ 25 ഏക്കർ സ്ഥലം നൽകാമെന്ന് സംസ്ഥാന സർക്കാർ റയിൽവേ അറിയിച്ചിട്ടുണ്ട്. റയിൽവേയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ഈ പദ്ധതി 2014-15 ൽ തന്നെ നടപ്പിലാക്കാൻ സംസ്ഥാനത്തിന്റെ എല്ലാ റയിൽവേ ആവശ്യങ്ങളും ചേർത്ത് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ ഡി.ഒ കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| 5 | **അന്താരാഷ്ട്ര നിലവാരമുള്ള റയിൽവേ സ്റ്റേഷനുകൾ** | തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ റയിൽവേ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രാരംഭ കൺസൾട്ടൻസി സേവനങ്ങൾക്കായുള്ള ടെണ്ടറുകൾ റയിൽവേയുടെ പരിഗണനയിലാണ്. ചിലവേറിയ ഈ പദ്ധതികൾ കർശനമായ ആസൂത്രണത്തിനു ശേഷമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പണികൾ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ ഡി.ഒ കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| 6 | **അങ്കമാലി-ശബരി റയിൽവേ ലൈൻ** | പൂർത്തിയാക്കാനായി പദ്ധതി ചിലവ് തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റയിൽവേ ആവശ്യപ്പെട്ടുവെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് റയിൽവേ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനം വഹിക്കേണ്ട 50% തുക നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. |
| 7 | **നിലമ്പൂർ - നഞ്ചൻഗുഡ് റയിൽവേ ലൈൻ** | പദ്ധതിയുടെ നിർമ്മാണ ചിലവിന്റെ 50% പ്രോ റാറ്റാ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് അറിയിച്ചുകൊണ്ട് പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് റയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**